**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1068** **11-02-2025 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ ശുദ്ധജല വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മലമ്പുഴ ഡാമിന്റെ നിലവിലെ സംഭരണ ശേഷി എത്രയാണ്; | (എ) | മലമ്പുഴ ഡാമിന്റെ നിലവിലെ സംഭരണ ശേഷി 226 Mm3 ആണ് |
| (ബി) | പാലക്കാട് ജില്ലയിൽ പ്രതിദിനം എത്ര ദശലക്ഷം ഘനമീറ്റർ വെള്ളമാണ് ശുദ്ധജല പമ്പിങ്ങിന് ആവശ്യമായി വരുന്നത്; ഒരു മാസത്തേക്ക് ശുദ്ധജല വിതരണത്തിനായി എത്ര ദശലക്ഷം ഘനമീറ്റർ ജലം ആവശ്യമാണെന്ന് അറിയിക്കാമോ; | (ബി) | പാലക്കാട് ജില്ലയിൽ 367.25 MLD വെള്ളമാണ് ശുദ്ധജല പമ്പിങ്ങിന് ആവശ്യമായി വരുന്നത്. ഒരു മാസത്തേക്ക് ശുദ്ധജല വിതരണത്തിനായി 11.02 ദശലക്ഷം ഘനമീറ്റർ ജലം ആവശ്യമാണ്. |
| (സി) | വേനൽ കടുക്കുന്ന മാസങ്ങളിൽ ഭാരതപ്പുഴയിലെ ശുദ്ധജല ലഭ്യത ഉറപ്പാക്കാൻ എത്ര ദശലക്ഷം ഘനമീറ്റർ വരെ വെള്ളം കരുതിവെയ്ക്കണമെന്ന് വ്യക്തമാക്കുമോ; | (സി) | വേനൽ വർദ്ധിക്കുന്ന മാസങ്ങളിൽ ഭാരതപ്പുഴയിലെ ശുദ്ധജല ലഭ്യത ഉറപ്പാക്കാൻ 37.22 ദശലക്ഷം ഘനമീറ്റർ വരെ വെള്ളം കരുതി വക്കേണ്ടതാണ്. |
| (ഡി) | പാലക്കാട് ജില്ലയിലെ കൃഷിയ്ക്കും രണ്ടാം വിള നെൽകൃഷിയ്ക്കുമായി എത്ര ദശലക്ഷം ഘനമീറ്റർ വെള്ളം ആവശ്യമാണ്; വിശദമാക്കുമോ; | (ഡി) | പാലക്കാട് ജില്ലയിൽ കൃഷിക്കും രണ്ടാം വിള നെൽ കൃഷിക്കുമായി വിവിധ ജലസേചന പദ്ധതികളിലായി ഏകദേശം 480.869 ദശലക്ഷം ഘനമീറ്റർ വെള്ളം ആവശ്യമാണ്. |
| (ഇ) | എത്ര ദശലക്ഷം ലിറ്റർ വെള്ളമാണ് കിൻഫ്ര ആവശ്യപ്പെട്ടതെന്നും നിലവിൽ എത്ര ദശലക്ഷം ലിറ്റർ വെള്ളമാണ് നൽകുന്നതെന്നും അറിയിക്കാമോ; | (ഇ) | കിൻഫ്ര 10 MLD ലിറ്റർ വെള്ളം ആണ് ആവശ്യപ്പെട്ടിട്ടുള്ളത്. 10 MLD ലിറ്റർ വെള്ളം അത്രയും തന്നെ അനുവദിച്ചിട്ടുണ്ട്. |
| (എഫ്) | ഒയാസിസ് കമ്പനി ദിവസേന എത്ര ദശലക്ഷം ലിറ്റർ വെള്ളമാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നും എത്ര ദശലക്ഷം ലിറ്റർ വെള്ളം നൽകാമെന്നാണ് സർക്കാർ ഉറപ്പ് നൽകിയിട്ടുള്ളതെന്നും അറിയിക്കാമോ? | (എഫ്) | ഒയാസിസ് കമ്പനി ദിവസേന ഇത്ര ദശലക്ഷം ലിറ്റർ വെള്ളമാണ് ആവശ്യമുള്ളതെന്ന് പ്രതിപാദിച്ചിരുന്നില്ല. അതിനാൽത്തന്നെ അങ്ങനെ യാതൊരുറപ്പും നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ